# കൊയിലാണ്ടി നഗരസഭ

## ഏറ്റവും കുറഞ്ഞ പരസ്യ നികുതി നിരക്ക്

എസ്.ആർ.ഒ.നമ്പർ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994 ലെ ചട്ടം 20) 271 ാം വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധന പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചു കൊണ്ടും ഈ വിഷയത്തിന്മേലുള്ള നിലവിലുള്ള വിജ്ഞാപനങ്ങളെ അതിലംഘിച്ചു കൊണ്ടും കൊയിലാണ്ടി മുനിസിപ്പൽ പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ, കെട്ടിടത്തിന്മേലോ, ചുമരിന്മേലോ, പരസ്യപലകയിന്മേലോ, എടുപ്പിന്മേലോ അല്ലെങ്കിൽ, അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വെയ്ക്കുകയോ വച്ചുകൊണ്ടിരിക്കുകയോ ചെയ്യുകയോ പൊതുജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ അങ്ങനെയുള്ള പ്രദേശത്ത് ഏതെങ്കിലും രീതിയിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും 01.04.2015 മുതൽ ഈടാക്കാവുന്ന നികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്ക് സർക്കാർ ഇതിനാൽ നിർദ്ദേശിക്കുന്നു, അതായത്:-

**പട്ടിക**

| ക്രമ നം. | പരസ്യത്തിന്റെ സ്വഭാവവും വിസ്തീർണ്ണവും | നിരക്ക് (രൂപ) |
|---|---|---|
| 1 | 2 | 3 |
| 1. | പരസ്യപ്പലകമേൽ/ചുവർ പോസ്റ്ററുകളിൽ പ്രകാശിപ്പിക്കാത്ത രൂപത്തിലുള്ള സ്കൈ സൈസുകളിലുള്ള പരസ്യം | |
| | എ) 1 ച.മീ. വിസ്തീർണ്ണം വരെ | 6 (1 മാസത്തേക്ക്) |
| | ബി) 1 ച.മീ. മുതൽ 3 ച. മീ. വരെ | 15 (1 മാസത്തേക്ക്) |
| | സി) അധികം വരുന്ന ഓരോ ച. മീറ്ററിനോ അതിൽ കുറവിനോ | 5 (1 മാസത്തേക്ക്) |
| 2. | പോസ്റ്ററുകൾ (സിനിമ പോസ്റ്ററുകൾ ഒഴികെ) | |
| | എ) 0.50 ച. മീറ്ററിൽ കവിയാത്തവയ്ക്ക് | 5 (1 മാസത്തേക്ക്) |
| | ബി) 1.00 ച. മീറ്റർ വരെയുള്ളവയ്ക്ക് | 10 (1 മാസത്തേക്ക്) |
| | സി) അധികം വരുന്ന ഓരോ ച. മീറ്ററിനോ അതിൽ കുറവിനോ | 5 (1 മാസത്തേക്ക്) |
| 3. | സിനിമ പോസ്റ്ററുകൾ | |
| | എ) 0.80 ച. മീറ്ററിൽ കവിയാത്തവയ്ക്ക് | 3 (1 മാസത്തേക്ക്) |
| | ബി) 1.60 ച. മീറ്ററിൽ കവിയാത്ത സ്ഥലവിസ്തൃതിക്ക് | 5 (1 മാസത്തേക്ക്) |
| | സി) അധികം വരുന്ന ഓരോ 0.8 ച. മീറ്ററിനോ അതിൽ കുറവിനോ | 3 (1 മാസത്തേക്ക്) |
| 4. | കാളകൾ, മനുഷ്യൻ, കുതിരകൾ, സൈക്കിളുകൾ എന്നിവ ഉപയോഗിച്ച് വലിക്കുന്ന വാഹനത്തിലോ അഥവാ മറ്റെന്തെങ്കിലും ഉപായം ഉപയോഗിച്ച് വലിക്കുന്ന വാഹനത്തിലോ അഥവാ മോട്ടോർകാറോ വഹിക്കുന്ന പരസ്യങ്ങൾ | |
| | എ) വിദ്യുച്ഛക്തിയിലോ, യാന്ത്രിക ശക്തിയിലോ പ്രവർത്തിക്കുന്ന മോട്ടോർ കാർ, ലോറി ഒഴികെയുള്ള ഏത് വാഹനത്തിലെ പരസ്യങ്ങൾക്കും | 250 (1 ദിവസത്തേക്ക്) |

ബി) വിദ്യുച്ഛക്തിയിലോ, യാന്ത്രിക ശക്തിയിലോ പ്രവർത്തിക്കുന്ന ലോറി, കാർ, തുടങ്ങിയ വാഹനങ്ങൾ — 500 (1 ദിവസത്തേക്ക്)

കുറിപ്പ് :– (1) വാഹനങ്ങളിൽ വഹിക്കുന്ന പരസ്യങ്ങൾക്കുള്ള നികുതി, വാഹനം യാത്ര ആരംഭിക്കുന്ന കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് ഈടാക്കേണ്ടതാണ്. (പൊതുവായ യാത്രാ വാഹനങ്ങളായി ഉപയോഗിക്കുന്ന വാഹനങ്ങളിലെ പരസ്യങ്ങൾക്ക് ഇതു ബാധകമല്ല)

(2) വാഹന ഉടമയുടെ പേരു മാത്രം ലോറിയിലോ കാറിലോ പ്രദർശിപ്പിക്കുന്നത് നികുതിക്ക് വിധേയമായ പരസ്യമല്ല

5. പരസ്യ ബോർഡുകൾ വഹിക്കുമ്പോൾ കൊണ്ടുനടക്കുന്ന പരസ്യബോർഡുകൾക്ക് — 25 (1 ദിവസത്തേക്ക്)

6. പരസ്യങ്ങൾ വഹിക്കുന്ന ബോർഡുകൾ പ്രകാശിതമാക്കിയ പരസ്യങ്ങൾ, സ്കൈ സൈനുകൾ എന്നിവയ്ക്ക്

| | |
|---|---|
| എ) 1 ച.മീ. വിസ്തീർണ്ണം വരെ | 40 (1 മാസത്തേക്ക്) |
| ബി) 1 ച.മീ. മുതൽ 3 ച. മീ. വരെ | 60 (1 മാസത്തേക്ക്) |
| സി) അധികം വരുന്ന ഓരോ ച. മീറ്ററിനോ അതിൽ കുറവിനോ | 20 (1 മാസത്തേക്ക്) |
| ഡി) എൽ.സി.ഡി. പ്രൊജക്ടറുകൾ ഉപയോഗിച്ചുള്ള പരസ്യങ്ങൾ ഓരോ ച. മീറ്ററിനും അതിന്റെ ഭാഗത്തിനും | 400 (1 മാസത്തേക്ക്) |

7. റാന്തൽ വെളിച്ചത്തിലോ മറ്റ് വിധത്തിലോ സ്ലൈഡുകൾ ഉപയോഗിച്ച് സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക്

| | |
|---|---|
| എ) 1 ച.മീ. വിസ്തീർണ്ണം വരെ | 30 (1 മാസത്തേക്ക്) |
| ബി) 1 ച.മീ. മുതൽ 3 ച. മീ. വരെ | 75 (1 മാസത്തേക്ക്) |
| സി) അധികം വരുന്ന ഓരോ ച. മീറ്ററിനോ അതിൽ കുറവിനോ | 20 (പ്രതിമാസം) |

8. ബാനറുകൾ

| | |
|---|---|
| എ) 6 മീറ്റർ വരെ വീതിയുള്ള റോഡിന് കുറുകെയോ വശങ്ങളിലോ, തുണിയിലോ, മറ്റു വിധത്തിലോ തൂക്കിയിടുന്ന പരസ്യത്തിന് ഒരു മാസത്തിനോ അതിൽ കുറവിനോ | 100 (1 മാസത്തേക്ക്) |
| ബി) 6 മീറ്ററിന് മുകളിൽ വീതിയുള്ള റോഡിന് കുറുകെയോ വശങ്ങളിലോ, തുണിയിലോ, മറ്റു വിധത്തിലോ തൂക്കിയിടുന്ന പരസ്യത്തിന് ഒരു മാസത്തിനോ അതിൽ കുറവിനോ | 150 (പ്രതിമാസം) |

കുറിപ്പ് :– മേൽ പ്രസ്താവിച്ച പ്രകാരമുള്ള ബാനറുകൾക്ക് 7 ദിവസമുള്ള ഒരാഴ്ചക്കാലയളവിലേക്ക് 'ടി' ഒരു മാസത്തെ നിരക്കിന്റെ 25% ഈടാക്കുന്നതാണ്.

9. ഫിലിം ഉപയോഗിച്ച് സ്ക്രീനിൽ പ്രദശിപ്പിക്കുന്ന പരസ്യങ്ങൾക്ക്

1) 50 ച. മീറ്റർ വരെയുള്ളവയ്ക്ക്

| | |
|---|---|
| എ) പരമാവധി 3 മിനുട്ട് വരെയുള്ള പരസ്യം | 200 (1 മാസത്തേക്ക്) |
| ബി) അധികം വരുന്ന ഓരോ മിനുട്ടിനും അതിന്റെ ഭാഗത്തിനും | 2 (1 ദിവസത്തേക്ക്) |

2) 50 ച. മീറ്ററിന് മുകളിലുള്ളവയ്ക്ക്

| | | |
|---|---|---|
| എ) | പരമാവധി 3 മിനുട്ട് വരെയുള്ള പരസ്യം | 250 (1 മാസത്തേക്ക്) |
| ബി) | അധികം വരുന്ന ഓരോ മിനുട്ടിനും അതിന്റെ ഭാഗത്തിനും | 3 (1 ദിവസത്തേക്ക്) |

3) ഫിലിം ഉപയോഗിച്ച് സ്ക്രീനിൽ പ്രദശിപ്പിക്കുന്ന പരസ്യങ്ങൾക്ക്

(1) തിരശ്ശീലയിൽ തെളിയുന്ന ദൃശ്യ പരസ്യത്തിന് 37 ച. മീറ്റർ വരെ വിസ്തീർണ്ണം ഉള്ളപ്പോൾ:

എ) 30.5 മീറ്ററിൽ കൂടാത്ത നീളം ഫിലിമിനുള്ളപ്പോൾ

| | |
|---|---|
| (i) പ്രതിമാസം | 100 |
| (ii) 7 ദിവസമുള്ള പ്രതിവാരത്തിനും അതിന്റെ ഭാഗത്തിനും | 30 |

ബി) 30.5 മീറ്ററിൽ കൂടുതൽ നീളം ഫിലിമിനുള്ളപ്പോൾ കൂടുതലായുള്ള ഓരോ 15 മീറ്ററിനും അതിന്റെ ഭാഗത്തിനും

| | |
|---|---|
| (i) പ്രതിമാസം | 50 |
| (ii) 7 ദിവസമുള്ള പ്രതിവാരത്തിനും അതിന്റെ ഭാഗത്തിനും | 15 |

(2) തിരശ്ശീലയിൽ തെളിയുന്ന ദൃശ്യ പരസ്യങ്ങളുടെ വിസ്തീർണ്ണം 37.5 ച. മീറ്റർ കവിയുമ്പോൾ അധികം വരുന്ന ഓരോ 10 ച. മീറ്ററിനും അതിന്റെ ഭാഗത്തിനും:

എ) 30.5 മീറ്ററിൽ കൂടാത്ത നീളം ഫിലിമിനുള്ളപ്പോൾ

| | |
|---|---|
| (i) പ്രതിമാസം | 10 |
| (ii) 7 ദിവസമുള്ള പ്രതിവാരത്തിനും അതിന്റെ ഭാഗത്തിനും | 5 |

ബി) 30.5 മീറ്ററിൽ കൂടുതൽ നീളം ഫിലിമിനുള്ളപ്പോൾ കൂടുതലായുള്ള ഓരോ 15 മീറ്ററിനും അതിന്റെ ഭാഗത്തിനും

| | |
|---|---|
| (i) പ്രതിമാസം | 9 |
| (ii) 7 ദിവസമുള്ള പ്രതിവാരത്തിനും അതിന്റെ ഭാഗത്തിനും | 3 |

| | | | |
|---|---|---|---|
| 10. | എ) | നഗരസഭാ പ്രദേശത്തിൽ പരസ്യബോർഡുകൾ സ്ഥാപിക്കാൻ അനുവാദമുള്ള പൊതു തെരുവുകളിലെയും പുറമ്പോക്ക് സ്ഥല ങ്ങളിലേയും പ്രത്യേകം നിർണ്ണയം ചെയ്യുന്ന പ്രധാന സ്ഥലങ്ങളി ലും കെട്ടിടങ്ങൾക്ക് മുകളിലും ബോർഡുകൾ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് | *ലേല/ക്വട്ടേഷൻ നടപടികൾ വഴി അനുവദിക്കുന്നതാണ്* |
| | ബി) | മേൽ പ്രകാരം നിർണ്ണയം ചെയ്യപ്പെടാത്ത പൊതുസ്ഥലങ്ങളിലും പുറമ്പോക്കുകളിലും പരസ്യബോർഡ് സ്ഥാപിക്കാനുള്ള ലൈസൻസ് ഫീസ് | 40 |

11. റോഡുകൾക്ക് കുറുകെയും സമീപത്തും സ്ഥാപിക്കുന്ന കമാനങ്ങൾ:

| | | |
|---|---|---|
| എ) | 6 മീറ്റർ വരെ വീതിയുള്ള റോഡുകളിൽ സ്ഥാപിക്കാൻ | 400 (1 ദിവസത്തേക്ക്) |
| ബി) | 6 മീറ്ററിന് മേൽ വീതിയുള്ള റോഡുകളിൽ സ്ഥാപിക്കാൻ | 500 (1 ദിവസത്തേക്ക്) |

12. ഡെപ്പോസിറ്റ്

| | |
|---|---|
| (1) പരസ്യബോർഡ് സ്ഥാപിക്കാൻ | 100 (1 ച. മീറ്ററിന്) |
| (2) കമാനം (ഒന്നിന്) സ്ഥാപിക്കാൻ | 1000 (1 ച. മീറ്ററിന്) |

| | |
|---|---|
| 13. സാധുത പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള പരിശോധനാ ഫീസ് | 60 (1 ച. മീറ്ററിന്) |

കുറിപ്പ് :- ഓരോ വർഷവും ലൈസൻസ് പുതുക്കുമ്പോൾ ആദ്യതവണ ഒടുക്കിയ തുകയുടെ 50% ഒടുക്കേണ്ടതാണ്.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല; എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994 ലെ 20) 271 ാം വകുപ്പ് കൊയിലാണ്ടി നഗരസഭാ പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിന്മേലോ ചുമരിന്മേലോ പരസ്യപ്പലകയിന്മേലോ എടുപ്പിന്മേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ പ്രപദർശിപ്പിക്കുകയോ ഉറപ്പിച്ചു വയ്ക്കുകയോ വച്ചുകൊണ്ടിരിക്കുകയോ പൊതുജനങ്ങൾക്ക് കാണക്കത്തക്ക വിധത്തിൽ അങ്ങനെയുള്ള പ്രദേശത്ത് ഏതെങ്കിലും രീതിയിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും വസൂലാക്കാവുന്ന ഏറ്റവും കുറഞ്ഞ നികുതി നിരക്ക് നിശ്ചയിക്കുന്നതിന് സർക്കാറിനെ അധികാരപ്പെടുത്തുന്നു. അപ്രകാരം അതിൻ കീഴിൽ 01.04.2015 മുതൽ കുറഞ്ഞ നിരക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.